# പേമാരി പെയ്തിറങ്ങിയപ്പോൾ

---

**Que.1. 15. പ്രളയത്തിന്റെ ആഘാതം കുറയ്ക്കുന്നതിന് സമൂഹം കൈക്കൊണ്ട ഇടപെടലുകൾ എന്തെല്ലാം ?** **[Marks :(4)]**

**Ans**. ഉത്തരസൂചിക :

- അതതിടങ്ങളിലെ നാട്ടുകാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സഹായികളായി
- നിയന്ത്രണാതീതമായി വെള്ളം കയറിയപ്പോൾ കരസേനയും നാവികസേനയും വ്യോമസേനയും എല്ലാം രംഗത്തുവന്നു.
- കേരള സർക്കാരിന്റെ വിവിധ വകുപ്പുകളും ഉദ്യോഗസ്ഥരും രാപ്പകലില്ലാതെ അധ്വാനം ചെയ്തു
- കേരളത്തിന്റെ 'സ്വന്തം സൈന്യം' എന്നു വിശേഷിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾ രക്ഷാപ്രവർത്തനത്തിൽ ജനങ്ങളുടെ സജീവരക്ഷകരായി നിലകൊണ്ടു.
- സേവനമനോഭാവം , സന്നദ്ധത , അർപ്പണമനോഭാവം , എന്നിവ പ്രകടിപ്പിച്ച കേരളീയയുവത രക്ഷാപ്രവർത്തനങ്ങൾക്ക് കരുത്തു പകർന്നു.

**Que.2. 14. 'പ്രളയദുരിതാശ്വാസക്യാമ്പുകൾ മാനവികതയുടെ ഉദാത്തമായ ഇടമായി മാറി'ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.**

**[Marks :(4)]**

**Ans.** ഉത്തരസൂചിക :

- ദുരിതകാലത്ത് അനിവാര്യമാകുന്ന ആശ്വാസപ്രവർത്തനമാണ് താമസിക്കാൻ ക്യാമ്പുകൾ തുറക്കുക എന്നത്
- വൈവിധ്യമാർന്ന ജീവിതസാഹചര്യങ്ങളിൽ നിന്ന് എത്തുന്നവരാണ് ഒരു ക്യാമ്പിൽ താമസിക്കേണ്ടിവരുന്നത്.
- ഇത്തരം വൈവിധ്യങ്ങൾ സാമൂഹികമായതോ, സാമ്പത്തികമായതോ, മതപരമായതോ ആകാം
- ഇത്തരം ഭിന്നതകൾ എല്ലാം ഉൾക്കൊള്ളുന്ന ഒരു ദുരിതാശ്വാസ ക്യാമ്പ് പ്രശ്നങ്ങളൊന്നും ഉണ്ടാകാതെ മുന്നോട്ട് കൊണ്ടുപോകുക എന്നത് ഏറ്റവും വലിയ വെല്ലുവിളിയാണ്

**Que.3. 13. 2018 ലെ മഹാപ്രളയത്തിൽ ജനങ്ങളുടെസജീവരക്ഷകരായി നിലകൊണ്ട് "കേരളത്തിന്റെ സ്വന്തം സൈന്യം" എന്ന വിശേഷണത്തിന് അർഹരായ വിഭാഗം ഏത് ?**

**[Marks :(1)]**

**Ans.** ഉത്തരസൂചിക :

മത്സ്യത്തൊഴിലാളികൾ

**Que.4. 12. 2018 ലെ പ്രളയം സൃഷ്ടിച്ച ആഘാതങ്ങൾ വിലയിരുത്തുക .**

**[Marks :(4)]**

**Ans.** ഉത്തരസൂചിക :

- മനുഷ്യരടക്കമുള്ള ജീവജാലങ്ങളുടെയും പരിസ്ഥിതിയുടെയും വിനാശം
- ശക്തമായ നീരൊഴുക്കിന്റെ ഫലമായി ജലസംഭരണികളിൽ ജലനിരപ്പ് ഉയർന്നത്.
- മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയുടെ ഫലമായി ഉണ്ടായ നാശനഷ്ടങ്ങൾ.
- കാർഷിക മേഖലയുടെ നാശം.
- പ്രളയാനന്തര മാലിന്യങ്ങൾ അടിഞ്ഞുകൂടി ഉണ്ടായ കൃഷിനാശം.

**Que.5. 11. 2018 ലെ മഹാപ്രളയത്തിലേക്ക് കേരളത്തെ നയിച്ച പ്രധാന ഘടകങ്ങൾ ഏതെല്ലാം?**

**[Marks :(3)]**

**Ans.** ഉത്തരസൂചിക :

- സധാരണയിൽക്കവിഞ്ഞ മഴ.
- കനത്ത മഴ കാരണം ഉണ്ടായ വെള്ളപ്പൊക്കം.
- നദികളിലെ നീരൊഴുക്കിലുണ്ടായ വർദ്ധനവ്.
- ജലസംഭരണികളിലെ ഉയർന്ന ജലനിരപ്പ്.

**Que.6. 10. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് സാമൂഹ്യശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത് നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ ഏവ?**

**[Marks :(3)]**

**Ans.** ഉത്തരസൂചിക :

- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ
- ദുരിതാശ്വാസ പ്രവർത്തനങ്ങൾ
- മരങ്ങൾ വച്ചുപിടിപ്പിക്കൽ
- ബോധവൽക്കരണം

**Que.7. 9. ഒരു പ്രദേശത്തിന്റെ ഭൂഘടന,കാലാവസ്ഥ,ജീവജാലങ്ങൾ എന്നിവയെ സാരമായി ബാധിക്കുന്ന പ്രകൃതി**

**പ്രതിഭാസങ്ങളിലൊന്നാണ് 'ഭൂകമ്പം'. ഇവ കൂടാതെ മറ്റു പ്രകൃതി പ്രതിഭാസങ്ങളുടെ പട്ടിക തയ്യാറാക്കുക**

**[Marks :(3)]**

**Ans.** ഉത്തരസൂചിക :

- അഗ്നിപർവ്വത സ്ഫോടനങ്ങൾ
- സുനാമി
- കടൽക്ഷോഭം
- അതിശൈത്യം

**Que8. 8. വെള്ളപ്പൊക്കം ,ഉരുൾപൊട്ടൽ എന്നിവ ദുരന്തങ്ങളായി മാറാതിരിക്കാൻ കൈക്കൊള്ളേണ്ട മുൻകരുതലുകൾ എന്തെല്ലാം ?**

**[Marks :(4)]**

**Ans.** ഉത്തരസൂചിക :

- പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സംരക്ഷണം
- ശാസ്ത്രീയമായ ഭൂവിനിയോഗം
- വനസംരക്ഷണം
- ശാസ്ത്രീയമായ പരിസ്ഥിതി വിദ്യാഭ്യാസം നൽകൽ.

**Que.9. 7. പ്രകൃതി പ്രതിഭാസങ്ങൾ പലപ്പോഴും ദുരന്തങ്ങളായി പരിണമിക്കുന്നു. ഇതിന് പിന്നിലുള്ള സാഹചര്യങ്ങൾ എന്തെല്ലാം ?**

**[Marks :(4)]**

**Ans.** ഉത്തരസൂചിക :

- നെൽപ്പാടങ്ങൾ, കുളങ്ങൾ തുടങ്ങിയ താഴ്ന്ന ഇടങ്ങൾ മണ്ണിട്ട് നികത്തുന്നത് .
- വ്യാപകമായ കുന്നിടിക്കൽ .
- നദികളിലെ മണലൂറ്റ് .
- പാറപൊട്ടിക്കൽ
- അശാസ്ത്രീയമായ ഭൂവിനിയോഗം
- വനനശീകരണം
- പരിസ്ഥിതി ലോലപ്രദേശങ്ങളിലെ ഇടപെടലുകളും നിർമ്മാണപ്രവർത്തനങ്ങളും .
- നദീതീരങ്ങൾ കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ .

**Que.10. 6. കേരളത്തിൽ ഉരുൾപൊട്ടൽ ഉണ്ടാകുന്നതിന് കാരണമായ ഭൂമിശാസ്ത്രഘടകങ്ങൾ ഏതെല്ലാം ?**

**[Marks :(3)]**

**Ans**. ഉത്തരസൂചിക :

- കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചെരിഞ്ഞ ഭൂപ്രകൃതി .
- ഒട്ടേറെ കുന്നുകളും ചെങ്കുത്തായ മലനിരകളും നിറഞ്ഞ ഭൂപ്രദേശം .
- നിരവധി പരിസ്ഥിതി ലോലപ്രദേശങ്ങൾ .

**Que.11. 5. കേരളത്തിലെ പ്രധാന ജലസംഭരണികൾ ഏതെങ്കിലും രണ്ടെണ്ണത്തിന്റെ പേരെഴുതതുക .**

**[Marks :(2)]**

**Ans.** ഉത്തരസൂചിക :

- ഇടുക്കി
- ഇടമലയാർ
- കല്ലട
- കക്കി

**Que.12. 4. കേരളത്തിലെ അണക്കെട്ടുകളിൽ തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും 2 അണക്കെട്ടുകളുടെ പേരെഴുതുക ?**

**[Marks :(2)]**

**Ans**. ഉത്തരസൂചിക :

- പറമ്പിക്കുളം
- മുല്ലപ്പെരിയാർ

**Que.13. 3. ജലസംഭരണശേഷി ഏറ്റവും കൂടുതലുള്ള കേരളത്തിലെ അണക്കെട്ട് ഏതാണ് ?**

**[Marks :(1)]**

**Ans.** ഉത്തരസൂചിക : ഇടുക്കി

**Que.14. 2. പ്രളയകാലത്ത് കേരളത്തിലെ ജലസംഭരണികളിലെ ഷട്ടറുകൾ തുറക്കാനിടയായ സാഹചര്യം വ്യക്തമാക്കുക ?**

**[Marks :(3)]**

**Ans.** ഉത്തര സൂചിക :

- അതിതീവ്ര മഴയെത്തുടർന്ന് ജലസംഭരണികളിലേക്കുള്ള നീരൊഴുക്ക് വർദ്ധിച്ചു .

- ജലസംഭരണികളിലെ ജലനിരപ്പ് അപകടമാംവിധം ഉയർന്നു.
- സംഭരണികളിലെ ജലനിരപ്പ് ക്രമീകരിക്കാനായി അണക്കെട്ടുകളുടെ ഷട്ടറുകൾ തുറക്കാനിടയായി.

**Que.15. 1. കേരളത്തിൽ പ്രതിവർഷം ലഭിക്കുന്ന ശരാശരി മഴയുടെ അളവ് ?**

**( 3000 മി മീ , 1000 മി മീ, 2000 മി മീ )**

**[Marks :(1)]**

**Ans**. ഉത്തര സൂചിക : 3000 മി മീ